# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ജൽ ശക്തി മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

   Prime Minister to address valedictory session of Departmental Summit of Jal Shakti Ministry in New Delhi today

2) അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ ശിപാർശ ചെയ്ത് സംസ്ഥാന മന്ത്രിസഭാ യോഗം. മയക്കുമരുന്ന് കേസുകളുടെ വിചാരണയ്ക്കായി മൂന്ന് പ്രത്യേക കോടതികൾ സ്ഥാപിക്കും.

   The State Cabinet meeting has recommended extending the validity of 18 PSC rank lists for teacher recruitment. Three special courts will be set up for the trial of drug-related cases.

3) ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യയുടെ സമീപകാല സാമ്പത്തിക പ്രകടനം ശക്തമാണെന്ന് ലോക ബാങ്ക് പ്രസിഡന്റ് അജയ് ബംഗ.

   World Bank President Ajay Banga stated that India's recent economic performance remains strong despite global crises.

4 ) ലോക നാളികേര ദിനാഘോഷം മുഖ്യമന്ത്രി വി.ഡി സതീശൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ദേശീയ നാളികേര പുരസ്കാരങ്ങൾ വിതരണം ചെയ്ത് കേന്ദ്രസഹമന്ത്രി രാം നാഥ് ഠാക്കൂർ.

World Coconut Day celebrations were inaugurated in Thiruvananthapuram by Chief Minister V. D. Satheesan. Union Minister of State Ram Nath Thakur distributed the National Coconut Awards.

5) ലണ്ടൻ സ്ക്വാഷ് ടൂർണമെൻറ് വനിത സിംഗിൾസ് രണ്ടാം റൗണ്ടിൽ കടന്ന് ഇന്ത്യയുടെ അനാഹത് സിങ്ങ്.

India's Anahat Singh advanced to the second round of women's singles at the London Squash Tournament.

***********************

## PM – JAL SHAKTI DEPT SUMMIT

ജൽ ശക്തി മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ജനപങ്കാളിത്തത്തോടെയുള്ള മഴവെള്ള സംഭരണം, കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത, ജൽ ജീവൻ മിഷൻ 2.0 എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. 'ടീം ഇന്ത്യ' മനോഭാവം ശക്തിപ്പെടുത്തുന്നതിനും സഹകരണാത്മക ഫെഡറലിസം ദൃഢമാക്കുന്നതിനുമായി വിഭാവനം ചെയ്ത ഉച്ചകോടികളുടെ പരമ്പരയിലെ ആദ്യത്തേതാണ് ഇത്.

***********************

## CM (INTRO)

അധ്യാപക തസ്തികളിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കാലാവധി അവസാനിക്കുന്ന 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കാൻ ശിപാർശ ചെയ്യുമെന്ന് മുഖ്യമന്ത്രി
വി ഡി സതീശൻ. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി സംസ്ഥാനത്തെ NDPS കേസുകളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ഇവയുടെ വിചാരണയ്ക്കായി 3 പ്രത്യേക കോടതികൾ സ്ഥാപിക്കുമെന്നും തിരുവനന്തപുരത്ത് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്........)

വെള്ളപ്പൊക്ക ദുരിതാശ്വാസ സഹായം ഈ ആഴ്ച തന്നെ വിതരണം ചെയ്തു തുടങ്ങുമെന്നും മുഖ്യമന്ത്രി
പറഞ്ഞു. പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര പദ്ധതി സ്വകാര്യ ബസ് മേഖലയിലുണ്ടായ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയതായും, സ്വകാര്യ ബസ് മേഖലയെ സംരക്ഷിച്ചു മുന്നോട്ട് പോകാനുള്ള നിർദേശങ്ങൾ റിപ്പോർട്ടിലുണ്ടെന്നും അദ്ദേഹം അറിയിച്ചു.

************************

## WORLD COCONUT DAY(intro)

ലോക നാളികേര ദിനത്തോടനുബന്ധിച്ചുള്ള ദേശീയതല ആഘോഷത്തിന് തിരുവനന്തപുരത്ത് തുടക്കമായി.
മുഖ്യമന്ത്രി വി ഡി സതീശൻ പരിപാടി ഉദ്ഘാടനം ചെയ്തു.
നാളികേരവികസന ബോർഡ് മൂല്യവർധിത പാർക്ക് സ്ഥാപിച്ചാൽ സംസ്ഥാന സർക്കാർ ഇതിന് എല്ലാ പിന്തുണയും നൽകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര കൃഷി സഹമന്ത്രി രാം നാഥ് ഠാക്കൂർ ചടങ്ങിൽ വിശിഷ്ടാതിഥിയായി . നാളികേര വികസനബോർഡിന്റെ പ്രവർത്തനങ്ങളെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു.

(വോയ്സ്.......)

ദേശീയ നാളികേര പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.

നാളികേര വികസന ബോർഡും കൃഷിവകുപ്പും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

***********************

## SITHARAMAN- BILATERALS

യുഎസ്സിലെ ആഷ് വില്ലിൽ നടന്ന ജി20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിനിടെ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, യൂറോപ്യൻ കമ്മീഷണർ ഫോർ ഇക്കണോമി, വാൽഡിസ് ഡോംബ്രോസ്കിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ- EU സാമ്പത്തിക പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തതായി ധനമന്ത്രാലയം അറിയിച്ചു. നിലവിലുള്ള സ്വതന്ത്ര വ്യാപാര കരാർ, നിക്ഷേപ സംരക്ഷണ കരാർ എന്നിവയെ സംബന്ധിച്ചും ചർച്ച നടന്നു. ഫിൻടെക്, നിർമ്മിത ബുദ്ധി, ജനറേറ്റീവ് എഐ, സ്റ്റാർട്ടപ്പ് എന്നിവയിൽ കൂടുതൽ സഹകരണത്തിനുള്ള സാധ്യതകൾ കണ്ടെത്താനും ഇരുവരും താല്പര്യം പങ്കുവച്ചു. ദക്ഷിണ കൊറിയൻ ഉപപ്രധാനമന്ത്രിയുമായും ശ്രീമതി നിർമല സീതാരാമൻ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങൾക്കുമിടയിൽ സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ ഇരുവർക്കുമിടയിൽ നടന്നു.

***********************

## WORLD BANK PREZ- GDP

ജിഡിപി വളർച്ചയിൽ 8 ശതമാനത്തിന് മുകളിലെത്താനുള്ള ശേഷി ഇന്ത്യയ്ക്കുണ്ടെന്ന് ലോക ബാങ്ക് പ്രസിഡന്റ് അജയ് ബംഗ. ആഗോള ഊർജ്ജ പ്രതിസന്ധികൾ, വ്യാപാര അനിശ്ചിതത്വങ്ങൾ, എൽ നിനോ പ്രതിസന്ധി എന്നിവ നിലനിൽക്കുമ്പോഴും ഇന്ത്യയുടെ സമീപകാല സാമ്പത്തിക പ്രകടനം ശക്തമാണെന്ന് അദ്ദേഹം പറഞ്ഞു. അമേരിക്കയിലെ നോർത്ത് കരോലിനയിലുള്ള ആഷ് വില്ലിൽ നടന്ന ജി20 ധനമന്ത്രിമാരുടെ യോഗത്തിനിടെയാണ് അദ്ദേഹം അഭിപ്രായം പങ്കുവച്ചത്. അടിസ്ഥാന സൗകര്യ മേഖലയിലും, ഡിജിറ്റലൈസേഷൻ രംഗത്തും ഇന്ത്യ മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും ശ്രീ. അജയ് ബംഗ വ്യക്തമാക്കി.

***********************

## UN INDIA BRICKS

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 18-ാമത് BRICS ഉച്ചകോടിയിൽ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പങ്കെടുക്കും. ഈ മാസം 12, 13 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് ഉച്ചകോടി നടക്കുന്നത് . ബ്രിക്ക്സ് അംഗരാജ്യങ്ങളിലെയും പങ്കാളിത്ത രാജ്യങ്ങളിലെയും നേതാക്കൾ ഉച്ചകോടിയുടെ ഭാഗമാകുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

***********************

## MULLAPERIYAR(INTRO)

മുല്ലപ്പെരിയാർ സന്ദർശനത്തിനെത്തിയ സുപ്രീംകോടതി നിയോഗിച്ച സമഗ്ര സുരക്ഷാ പരിശോധന സമിതിയുടെ യോഗം തേക്കടിയിൽ ആരംഭിച്ചു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് അണക്കെട്ടിൽ പരിശോധന വേണമെന്ന ആവശ്യം കേരളം യോഗത്തിൽ ഉന്നയിക്കും. ഇരുസംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥരുമായി നടക്കുന്ന ചർച്ചയിൽ അനുകൂല തീരുമാനമുണ്ടായില്ലെങ്കിൽ സുപ്രീംകോടതിയെ സമീപിക്കാനാണ് കേരളത്തിന്റെ തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

(വോയ്സ്)

***********************

## NEPAL - DNA SAMPLES

നേപ്പാൾ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,100 പിന്നിട്ടു. 4,600-ലേറെ പേരെ കാണാതായെന്നാണ് നേപ്പാൾ പോലീസിൻറെ കണക്കുകൾ. മരിച്ചവരെ തിരിച്ചറിയുന്നതിനായി 19-അംഗ ഇന്ത്യൻ ഫോറൻസിക് സംഘം DNA പരിശോധന ആരംഭിച്ചിട്ടുണ്ട്. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് , നേപ്പാളിന് സാധ്യമായ എല്ലാ സഹായവും നൽകി വരുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു . 5.5 ടൺ അവശ്യ

മരുന്നുകൾ അടക്കമുള്ള, ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്ന് ഇന്ന് അഞ്ചാമത്തെ വിമാനം നേപ്പാളിലേക്ക് പുറപ്പെട്ടു.

***********************

## BIHAR FLOOD - MIZORAM-FLOOD

നേപ്പാൾ പ്രളയത്തെ തുടർന്ന് ബീഹാറിലെ അതിർത്തി ജില്ലകളിൽ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നു. ഭഗൽപൂരിൽ ഗംഗാ നദി തീരത്തുണ്ടായ രൂക്ഷമായ കരയിടിച്ചിൽ ആശങ്ക സൃഷ്ടിക്കുന്നു. നദി വഴി മാറിയൊഴുകുന്നതാണ് തീരമിടിയാൻ കാരണമായത്. ജലപ്രവാത്തിൽ, നൗഗാച്ചിയയിലെ രണ്ട് ക്ഷേത്രങ്ങളടക്കം ഒലിച്ചുപോയി.

***********************

## Anganwadi - Balyaspandanam

അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന 'ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കമാകും. തിരുവനന്തപുരം കൊടുങ്ങാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തെ 33,120 അങ്കണവാടികളിലൂടെ സേവനം ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഉറപ്പാക്കുകയും, ആവശ്യമായ സാഹചര്യങ്ങളിൽ തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ ത്രൈമാസ ആരോഗ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

***********************

## SQUASH

ലണ്ടൻ സ്ക്വാഷ് ക്ലാസ്സിക് ടൂർണമെൻറ് രണ്ടാം റൗണ്ടിൽ പ്രവേശിച്ച് ഇന്ത്യയുടെ അനാഹത് സിങ്ങ്. വനിത സിംഗിൾസ് ആദ്യ മത്സരത്തിൽ ഈജിപ്റ്റിൻറെ മറിയം വെറ്റ് വല്ലിയെയാണ് അനാഹത് പരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ രമിത് ടണ്ടൻ, ഖത്തർ താരത്തെ പരാജയപ്പെടുത്തി രണ്ടാം റൗണ്ടിൽ കടന്നു.

***********************

## Badminton

ഷെൻഷെനിൽ നടക്കുന്ന ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെൻറ് പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത് രണ്ടാം റൗണ്ടിലേക്ക് പ്രവേശിച്ചു. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ശ്രീകാന്തിൻറെ മുന്നേറ്റം. അതേസമയം ലക്ഷ്യ സെൻ, കനേഡിയൻ താരത്തോട് പരാജയപ്പെട്ട് ടൂർണമെൻറിൽ നിന്ന് പുറത്തായി. മിക്സഡ് ഡബിൾസിൽ ധ്രുവ് കപില-തനീഷ ക്രാസ്റ്റോ സഖ്യം അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു.

***********************

## US Iran

ഇറാനിലെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കേന്ദ്രങ്ങൾക്ക് നേരെ വീണ്ടും ആക്രമണം നടത്തി അമേരിക്ക. ബന്ദർ അബ്ബാസ്, ഹോർമുസ്, ഛാബഹാർ മേഖലകളിലടക്കം സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെ IRGC ആക്രമണം നടത്താൻ ശ്രമിച്ചതിനെ തുടർന്നാണ് നടപടിയെന്നും യുഎസ് അറിയിച്ചു.

***********************

## EMBASSY UKRAINE

യുക്രെയ്നിലുണ്ടായ റഷ്യൻ ആക്രമണത്തിൽ ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ട സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി ഇന്ത്യൻ എംബസി. മരിച്ചയാളുടെ കുടുംബവുമായി ബന്ധപ്പെടുന്നുണ്ടെന്നും മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കുന്നതിനുള്ള എല്ലാ സഹായവും ഉറപ്പാക്കുമെന്നും എംബസി അറിയിച്ചു. ഒഡേസ നഗരത്തിലും പരിസരപ്രദേശങ്ങളിലുമുണ്ടായ ആക്രമണങ്ങളിൽ 12 പേർ കൊല്ലപ്പെട്ടതായി യുക്രൈൻ പ്രസിഡന്റ് വോലോഡിമിർ സെലെൻസ്കി സ്ഥിരീകരിച്ചിരുന്നു.

***********************

**************

****